കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്ത് 2022- ഓഡിറ്റ് വർഷം 2022/23മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

| ക്രമനമ്പർ | ഓഡിറ്റ്ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1-1-3 | റിക്കൺസിലിയേഷനിലെ ന്യൂനതകൾ | ബാലൻസ് സിറോ ആയ അക്കൌണ്ടുകൾ ആർ.പി 40(ബി) യിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത അക്കൌണ്ടുകൾ ബാലൻസ് ഷീറ്റിൽ ബിടൽ ഉൾപ്പെട്ടിട്ടുണ്ട്. ബാലൻസ് സീറോ ആയ അക്കൌണ്ടുകൾ ആർ.പി 40(ബി) യിൽ ഉൾപ്പെടാത്തത് സംബന്ധിച്ച അപാതക IKM-ൻറെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 2 | 1-1-4 | മൂന്ന് മാസത്തിൽ അധികമായ പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. | മൂന്നു മാസം കാലാവധി കഴിഞ്ഞ , ഇനിയും ക്രഡിറ്റ് ആകാത്ത തുകകൾ സ്റ്റെയിൽ ചെക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| 3 | 1-1-5 | പണമായി മാറാതെ ചെക്കുകൾ അവശേഷിക്കുന്നു. | പണമായി മാറാത്ത ചെക്കുകളിൽ 22 എണ്ണം ഏപ്രിൽ മാസത്തിൽ തന്നെ പണമായി അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടുണ്ട്. ബാക്കിയുള്ളയവയിൽ നാളിതു വരെ പണമായി മാറാത്തവ പരിശോധിച്ച് , റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 4 | 1-1-6 | ബാങ്ക് നേരിട്ട് കുറവ് ചെയ്ത തുകകൾ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. | 31.03.2023 കുറവ് ചെയ്തതായി കാണുന്ന 2120006 രൂപ Redemption ഇനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ട്രഷറി അക്കൌണ്ടിൽ നിന്നും കുറവ് ചെയ്തതാണ്. കേരള ഗ്രാമീൺ ബാങ്കിൽ നിന്നും കുറവ് ചെയ്ത 11265/- രൂപ, ബാങ്കുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തി അറിയിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 5 | 1-1-8 | അക്കൗണ്ടിലെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടുകൾ മാത്രമാണ് ILGMS സോഫ്ട് വെയറിയറിൽ ചേർക്കാറുള്ളൂ. ആയതിനാലാണ് അസിസ്റ്റൻറ് എഞ്ചിനിയറുടെ പേരിലുള്ള അക്കൌണ്ട് വിവരങ്ങൾ ഉൾപ്പെത്താതിരുന്നത് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 6 | 1-1-10 | വാർഷിക കണക്കിലെ തുകയും ക്യാഷ് ഫ്ലോ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെൻറിൽ മാനുവലായി യാതൊരുവിധ ക്രമപ്പെടുത്തലുകളും വരുത്തുവാൻ സാധ്യമല്ല. പ്രസ്തുത അപാകത പരിഹരിക്കുന്നതിനായി ഐ,കെ,എം-നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപാകത പരിഹരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 7 | 1-6 | ദേശിയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | അപാകതകൾ പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 8 | 1-11 | ബാധകമായതിലും കുറഞ്ഞ നിരക്കിൽ കെട്ടിടത്തിന്റെ നികുതി നിർണയിക്കുന്നത് മൂലം ഗ്രാമപഞ്ചായത്തിന് ധന നഷ്ടമുണ്ടാവുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കെട്ടിട ഉടമകൾക്ക് കത്ത് നൽകുകയും ഈടാക്കുന്നതിനുള്ള നടപടികകൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മറ്റ് കെട്ടിടങ്ങളുടെയും നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വരുന്നു. മേലിൽ അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 9 | 1-12 | മേഖലകൾ രേഖപ്പെടുത്തിയതിലെ അപാകതകൾ-ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം | ഓഡിറ്റ് പരാമർശ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കെട്ടിട ഉടമകൾക്ക് കത്ത് നൽകുകയും ഈടാക്കുന്നതിനുള്ള നടപടികകൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മറ്റ് കെട്ടിടങ്ങളുടെയും നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വരുന്നു. മേലിൽ അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | | | |
|---|---|---|---|
| 10 | 1-13 | നികുതി നിർണയിക്കുന്നതിലെ കാലതാമസം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കെട്ടിട ഉടമകൾക്ക് കത്ത് നൽകുകയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മറ്റ് കെട്ടിടങ്ങളുടെയും നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വരുന്നു. മേലിൽ അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 11 | 1-14 | പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തോടെ ചട്ടവിരുദ്ധമായി ഒഴിവാക്കുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കെട്ടിട ഉടമകൾക്ക് കത്ത് നൽകുകയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് മറ്റ് കെട്ടിടങ്ങളുടെയും നികുതി നിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വരുന്നു. മേലിൽ അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 12 | 1-15 | ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് ജോലികൾ ഏറ്റെടുത്ത് നടത്തിയ കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകുകയും ഈടാക്കി വരികയും ചെയ്യുന്നുണ്ട്. 3 കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയ വിവരം ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് |
| 13 | 1-16 | മുൻ വർഷങ്ങളിൽ തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടില്ല. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി 2022-23 വർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകുകയും പിരിച്ചെടുക്കുകയും ചെയ്ത് വരുന്നു. നിലവിൽ തൊഴിൽ നികുതി കൃത്യമായി ഈടാക്കി വരുന്നുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. |
| 14 | 1-18 | വിവിധ വരവിനങ്ങളുടെ വിവരങ്ങൾ - രജിസ്റ്ററുകളിലും എ.എഫ്.എസിലേയും രേഖപ്പെടുത്തലുകളും വ്യത്യസ്തം | ഇൻകം ആന്റ് എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് പ്രകാരം എ.എഫ്.എസും രജിസ്റ്ററുകളും ശരിയാണ്. ആയതിൽ വ്യത്യാസം കാണുന്നില്ല എന്ന വിവരം ബോധിപ്പിക്കുന്നു. നിലവിൽ രജിസ്റ്ററുകൾ എ എഫ്.എസ്സമായി കൃത്യത വരുത്തി വരുന്നുണ്ട്. മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു |
| 15 | 1-19 | മരണപ്പെട്ട ആളുകളെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കിയിട്ടില്ല, പെൻഷൻ തുക മരണപ്പെട്ട ആളുകളുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ നിന്നും അനർഹമായി എത്തിയ തുകകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഡാറ്റാ ബേസ് പരിശോധിച്ചതിൽ അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു |
| 16 | 1-23 | അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലെ തുക തിരിച്ചടച്ചില്ല. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ നിന്നും അനർഹമായി എത്തിയ തുകകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഡാറ്റാ ബേസ് പരിശോധിച്ചതിൽ അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു |
| 17 | 1-24 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് സോഫ്റ്റ് വെയറിൽ ഓപ്ഷൻ ഇല്ലാ എന്നും ആയതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയർക്ക് തുക വിവരങ്ങൾ ക്രോഡീകരിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് അക്കൌണ്ടിലേക്ക് തിരിച്ചടവാക്കുന്നതാണെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 18 | 1-25 | പള്ളിമുക്ക് റോഡ് ഡ്രെയിനേജ് -പ്രവൃത്തി പൂർത്തിയായിട്ടില്ല. | ഓഡിറ്റ് പരാമർശത്തിന് താഴെ പറയും പ്രകാരം അസി.എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്.തൻവർഷം നടപ്പാക്കിയ പള്ളിമുക്ക് റോഡ് ഡ്രെയിനേജ് വാർഡ് 5–എന്ന പദ്ധതിക്ക് 67 മീറ്റർ നീളത്തിൽ ഡ്രൈനേജ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 48.405 മീറ്റർ ആണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ ബാക്കി പ്രവർത്തി ചെയ്യാനുള്ള ഭാഗത്ത് ഒരു വീടിന്റെ മതിൽ ഉള്ളതിനാൽ മൺപണി ചെയ്യുമ്പോൾ പ്രസ്തുത മതിൽ ഇടിഞ്ഞു വീഴാനുള്ള സാധ്യതയുണ്ട്. മൺപണി ചെയ്യുന്നതിന് ടി വീടിന്റെ ഉടമസ്ഥൻ തടസ്സം നിൽക്കുന്നതിനാലാണ് പ്രവൃത്തി തുടർന്ന് ചെയ്യാൻ സാധിക്കാത്തത്. ആയതിനാൽ ഈ പ്രശ്നം പരഹരിച്ച് നൽകുന്നതിന് വാർഡ് മെമ്പറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റിൽ നെയിം ബോർഡ് ഉൾപ്പെടുത്തുകയും ആയത് പ്രവൃത്തിയുടെ സൈറ്റിൽ സ്ഥാപിക്കുകയും ചെയ്തത് കൊണ്ടാണ് നെയിം ബോർഡ് ഉൾപ്പടെയുള്ള തുക പാർട്ട് ബില്ലിൽ കരാറുകാരന് നൽകിയത്. മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു |
| 19 | 1-28 | എം.സി.എഫിന് പണിത കെട്ടിടം ഉപയോഗിക്കുന്നില്ല.സി.എഫ്.സി.ഫണ്ട് പാഴാകുന്നു. | 2021-22 വർഷം പഞ്ചായത്ത് കരണി എന്ന സ്ഥലത്ത് സി.എഫ്.സി.(ടൈഡ്) ഫണ്ട് ഉപയോഗിച്ച് ,1250000 രൂപ വകയിരുത്തി എം.സി.എഫിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ എം.സി.എഫ് തുറന്ന് പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. |
| 20 | 1-30 | റിജക്ടഡ് മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ അപാകങ്ങൾ | എം.സി.എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് 2023-24 വാർഷിക പദ്ധതിയിൽ തുക വകയിരിത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്-പ്രവർത്തിച്ചു വരുന്നുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. |
| 21 | 1-32 | 2022-23 വർഷം കിന്റർഗാർഡൻ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം - പദ്ധതി ലക്ഷ്യം കണ്ടില്ല. | ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 22 | 1-33 | സമഗ്രശിക്ഷ കേരള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം കൃത്യമായ പരിശോധന നടത്തുന്നില്ല. ആയതിനാൽ അധിക വിഹിതം നൽകി. | ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.. |
| 23 | 1-34 | ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള തുകകൾ യഥാവിധി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു |
| 24 | 1-35 | മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | കെ.എസ്.ഇ.ബി,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ എന്നിവ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു. |
| 25 | 1-36 | കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ തുക തിരികെ ഈടാക്കിയില്ല | അൺസ്പെന്റ് ബാലൻസ് ഉള്ള 30954/- രൂപ തിരികെ ലഭിക്കുവാൻ അസി.പ്രോജക്ട് ഓഫീസർ, മീനങ്ങാടിക്ക് കത്ത് നൽകിയിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് സർക്കാറിലേക്ക് തിരിച്ചടക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 26 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ | ഓഡിറ്റ് പരാമർശ പ്രകാരമുള്ള നീക്കി ബാക്കിയായ തുക പരിശോധിച്ച് കണ്ടെത്തി ആയത് ഏതൊക്കെ പ്രജോക്ടുകളുമായി ബന്ധപ്പെട്ടതാണ് എന്ന് കണ്ടെത്തി അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 27 | 4-3 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | നടപ്പു സാമ്പത്തിക വർഷം മുതൽ ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു, |
| 28 | 4-7 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | ഓഡിറ്റ് പരാമർശ പ്രകാരമുള്ള നീക്കി ബാക്കിയായ തുക പരിശോധിച്ച് കണ്ടെത്തി ആയത് ഏതൊക്കെ പ്രജോക്ടുകളുമായി ബന്ധപ്പെട്ടതാണ് എന്ന് കണ്ടെത്തി അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |